ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). ദുരന്തനിവാരണ ഭേദഗതി ബില്ലും ബോയിലേഴ്സ് ബില്ലും പാർലമെൻറ് പാസാക്കി. ധനകാര്യബില്ലിന് ലോക് സഭ അംഗീകാരം നൽകി.

Parliament passes Disaster Management (Amendment) Bill 2024 to enhance disaster preparedness, response and recovery. Parliament also clears Boilers Bill, 2024; Lok Sabha gives nod to Finance Bill, 2025.

2). ഏക സിവിൽകോഡ് നടപ്പാക്കുന്ന രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനമായി ഗുജറാത്ത് മാറും.

Gujarat will become the second state in the country to implement the Uniform Civil Code (UCC) after Uttarakhand.

3). ഇന്ത്യ-ചൈന അതിർത്തി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള WMCC യോഗം ബീജിങ്ങിൽ ചേർന്നു.

The 33rd meeting of the Working Mechanism for Consultation and Coordination on India-China Border Affairs (WMCC) was held in Beijing, China.

4). രാജ്യത്തെ റോഡ് അപകടങ്ങളിൽ മരിക്കുന്നവരിൽ ഏറെയും 18-നും 45-നും ഇടയിൽ പ്രായമുള്ളവരാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.

Union Road Transport and Highways Minister Nitin Gadkari has said that over 60 percent of road accident deaths in the country happen in age group of 18 to 45.

5). യാക്കോബായ സഭയുടെ അദ്ധ്യക്ഷനായി ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അഭിഷിക്തനായി.

Joseph Mar Gregorios Metropolitan was anointed as the head of the Jacobite Syrian Church.

## 6). ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിൽ ഇന്ത്യ - ബംഗ്ലാദേശ് മത്സരം സമനിലയിൽ.

**India - Bangladesh match in the Asian Cup football qualifying round ended in a draw.**

==========================================

**AMITSHAH- DISASTER (INTRO)**

ദുരന്ത നിവാരണ ഭേദഗതി ബിൽ 2024 പാർലമെൻറ് പാസാക്കി.

ലോക്സഭ മുൻപ് പാസ്സാക്കിയ ബിൽ ഇന്നലെ രാജ്യസഭയും അംഗീകരിച്ചു. ദേശീയ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നതെന്ന് രാജ്യസഭയിൽ ഇത് സംബന്ധിച്ച ചർച്ചയ്ക്ക് മറുപടി നൽകിക്കൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു.

**(HOLD FOR BYTE............)**

നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ നിരീക്ഷണ സംവിധാനം , സമൂഹമാധ്യമങ്ങളിലൂടെയുള്ള ദുരന്തമുന്നറിയിപ്പുകൾ എന്നിവ ബിൽ വ്യവസ്ഥ ചെയ്യുന്നു. 2025 - 2026 സാമ്പത്തിക വർഷത്തെ ധനകാര്യ ബിൽ ലോക്സഭ ഇന്നലെ പാസാക്കി. പാർലമെന്റ് ഇന്നും ചേരും.

==========================================

**PIYUSH GOYAL (INTRO)**

മികച്ച ജീവിത നിലവാരം ഉറപ്പാക്കാനും വ്യാവസായിക മേഖല ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടുള്ള ബോയിലേഴ്സ് ബിൽ 2024 പാർലമെൻറ് പാസ്സാക്കി. രാജ്യസഭ മുൻപ് പാസ്സാക്കിയ ബില്ലിന് ഇന്നലെ ലോക്സഭ അംഗീകാരം നൽകി. എംഎസ്എംഇ മേഖലയിൽ ബോയിലർ ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ ലോക്സഭയിൽ പറഞ്ഞു.

**(HOLD FOR BYTE.........)**

======================================

## GUJARAT-UCC

ഏക സിവിൽ കോഡ് നടപ്പാക്കുന്ന രാജ്യത്തെ രണ്ടാമത്തെ സംസ്ഥാനമായി ഗുജറാത്ത് മാറും. എല്ലാവർക്കും തുല്യ നീതി ഉറപ്പാക്കുന്നതിനും ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന ആശയം സാക്ഷാത്കരിക്കുന്നതിനുമുള്ള ചുവടുവയ്പ്പായി സംസ്ഥാനത്ത് ഏക സിവിൽകോഡ് നടപ്പാക്കുമെന്ന് ഗുജറാത്ത് നിയമമന്ത്രി ഋഷികേഷ് പട്ടേൽ നിയമസഭയെ അറിയിച്ചു. ഉത്തരാഖണ്ഡ് ആണ് രാജ്യത്ത് ആദ്യമായി ഏക സിവിൽകോഡ് നടപ്പാക്കിയത്.

======================================

## INDO-CHINA WMCC MEET

ഇന്ത്യ-ചൈന അതിർത്തി കാര്യങ്ങളുടെ ചർച്ചയ്ക്കും ഏകോപനത്തിനുമുള്ള സംവിധാനമായ, WMCC യുടെ 33-ാമത് യോഗം ഇന്നലെ ചൈനയിലെ ബീജിംഗിൽ ചേർന്നു. യഥാർത്ഥ നിയന്ത്രണ രേഖയിലെ സ്ഥിതിഗതികൾ യോഗം സമഗ്രമായി അവലോകനം ചെയ്തതായി വിദേശമന്ത്രാലയം അറിയിച്ചു. അതിർത്തിയിലെ നദികളുടെ പരിപാലനം, കൈലാസ്-മാനസസരോവർ യാത്ര തുടങ്ങിയവയും ചർച്ചയായി.

======================================

## AIIMS - INDIGENOUS MRI

ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ എംആർഐ മെഷീൻ ഒക്ടോബറോടെ ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ സ്ഥാപിക്കും. ചികിത്സാ ചെലവ് കുറയ്ക്കാനും മെഡിക്കൽ സാങ്കേതിക വിദ്യയിൽ ഇന്ത്യയെ കൂടുതൽ സ്വാശ്രയമാക്കാനും ഇത് സഹായിക്കും. നിലവിൽ 80 മുതൽ 85 ശതമാനം മെഡിക്കൽ ഉപകരണങ്ങളും ഇറക്കുമതി ചെയ്യുന്നതാണ്.

======================================

## TRUMP – US ELECTIONS

അമേരിക്കൻ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ സമൂലമായ മാറ്റം വരുത്തുന്ന എക്സിക്യൂട്ടീവ് ഉത്തരവിൽ യു.എസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് ഉത്തരവിട്ടു. വോട്ടർ രജിസ്ട്രേഷന് പൗരത്വത്തിൻറെ രേഖാമൂലമുള്ള തെളിവ് നൽകണമെന്നതാണ് പ്രധാന നിർദേശം.

==========================================

**ബ്രേക്ക്.....**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

## JOSEPH MAR GREGORIOS

യാക്കോബായ സഭയുടെ അധ്യക്ഷനായി ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്ത അഭിഷിക്തനായി. ലെബനനിലെ അച്ചാനെയിലുള്ള സെൻറ് മേരീസ് പാത്രിയർക്കാ കത്തീഡ്രലിൽ ഇന്നലെയായിരുന്നു സ്ഥാനാരോഹണച്ചടങ്ങുകൾ. മുൻ കേന്ദ്രമന്ത്രിമാരായ വി മുരളീധരൻ, അൽഫോൻസ് കണ്ണന്താനം, മന്ത്രി പി രാജീവ്, ബെന്നി ബഹനാൻ എംപി ഉൾപ്പെടെയുള്ള കേന്ദ്ര -സംസ്ഥാന സർക്കാർ പ്രതിനിധികൾ ചടങ്ങിൽ പങ്കെടുത്തു.

==========================================

## GADKARI ROAD ACCIDENTS (INTRO)

രാജ്യത്തെ റോഡ് അപകടങ്ങളിൽ മരിക്കുന്നവരിലേറെയും 18-നും 45നും ഇടയിൽ പ്രായമുള്ളവരാണെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. റോഡ് സുരക്ഷയിൽ ഇന്ത്യ- അമേരിക്ക സഹകരണം സംബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. റോഡ് അപകടങ്ങൾ മൂലം രാജ്യത്തെ ആഭ്യന്തര ഉത്പാദനത്തിൻറെ മൂന്ന് ശതമാനം നഷ്ടമാകുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

**(HOLD FOR BYTE.................)**

റോഡ് അപകടങ്ങളിൽ പെടുന്നവരെ സഹായിക്കുന്നവർക്ക് 25,000 രൂപ സർക്കാർ പാരിതോഷികം നൽകുന്നതായി പറഞ്ഞ ശ്രീ ഗഡ്കരി സ്കൂളുകളിൽ റോഡ് സുരക്ഷ അവബോധം വിദ്യാഭ്യാസത്തിൻറെ ഭാഗമാക്കണമെന്നും അഭിപ്രായപ്പെട്ടു.

==============================================

**KERALA ASSEMBLY**

ബജറ്റ് സമ്മേളനം പൂർത്തിയാക്കി കേരള നിയമസഭ ഇന്നലെ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സമ്മേളന കാലയളവിൽ 22 ദിവസമാണ് സഭ ചേർന്നത്. വയോജന കമ്മീഷൻ ബിൽ, സ്വകാര്യ സർവകലാശാല ബിൽ തുടങ്ങി 9 ബില്ലുകൾ ബജറ്റ് സമ്മേളനത്തിൽ സഭ പാസ്സാക്കി.

==============================================

**WAYANAD K RAJAN**

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്കു ള്ള പുനരധിവാസ ടൗൺഷിപ്പിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവ്വഹിക്കും. എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിൽ ഒറ്റനിലയായാണ് വീടുകൾ നിർമിക്കുക. ഗുണഭോക്തൃപട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽ അപേക്ഷ ഈ മാസം 30 വരെ സ്വീകരിക്കും.

==============================================

**SSLC PLUS TWO EXAM**

SSLC, PLUS TWO പരീക്ഷകൾ ഇന്ന് അവസാനിക്കും. പ്ലസ് വണിന് നാളെയും 29-നും കൂടി പരീക്ഷയുണ്ട്. ഒൻപത് വരെ ക്ലാസുകളിലെ പരീക്ഷയും നാളെ അവസാനിക്കും. എസ്.എസ്.എൽ.സി ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം അടുത്തമാസം മൂന്നിന് ആരംഭിക്കും.

==========================================

## RAMADAN FARE

സപ്ലൈകോയുടെ റംസാൻ ഫെയറുകൾക്ക് സംസ്ഥാനത്ത് തുടക്കമായി. ഈ മാസം 31 വരെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട ഔട്ട്ലെറ്റുകൾ കേന്ദ്രമാക്കി റംസാൻ ഫെയറുകൾ പ്രവർത്തിക്കും. വിഷു-ഈസ്റ്റർ ഫെയറുകൾ ഏപ്രിൽ 10 മുതൽ 19 വരെ സപ്ലൈകോയുടെ ജില്ലാ - താലൂക്ക് ഔട്ട്ലെറ്റുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കും.

==========================================

## NEYYATTINKARA – DR D SELVARAJAN

ഡോ. ഡി സെൽവരാജൻ നെയ്യാറ്റിൻകര ലത്തീൻ കത്തോലിക്ക രൂപതയുടെ സഹമെത്രാനായി അഭിഷിക്തനായി. ചടങ്ങിൽ നെയ്യാറ്റിൻകര രൂപത മെത്രാൻ ഡോ. വിൻസൻറ് സാമുവൽ മുഖ്യകാർമ്മികനായി.

==========================================

## FOOTBALL AFC CUP

ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ ഇന്നലെ നടന്ന ഇന്ത്യ ബംഗ്ലാദേശ് മത്സരം സമനിലയിൽ. ഹോങ്കോങ്ങുമായാണ് ഇന്ത്യയുടെ അടുത്ത മത്സരം.

==========================================

## KHELO INDIA PARAGAMES

ഖേലോ ഇന്ത്യ പാരാ ഗെയിംസ് നാളെ സമാപിക്കും. മെഡൽ പട്ടികയിൽ ഹരിയാനയാണ് മുന്നിൽ. തമിഴ്നാട് രണ്ടും ഉത്തർപ്രദേശ് മൂന്നും സ്ഥാനത്തുണ്ട്. കേരളം 11-ാം സ്ഥാനത്താണ്.

==========================================

**IPL CRICKET**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാജസ്ഥാൻ റോയൽസ് കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ഇന്നലെ അഹമ്മദാബാദിൽ നടന്ന മത്സരത്തിൽ പഞ്ചാബ് കിങ്സ് ഗുജറാത്ത് ടൈറ്റൻസിനെ 11 റൺസിന് പരാജയപ്പെടുത്തി. പഞ്ചാബ് ഉയർത്തിയ 244 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഗുജറാത്ത് ടൈറ്റൻസ് നിശ്ചിത ഇരുപത് ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 232 റൺസെടുത്തു.

==================================================

**WRESTLING – ASIAN CHAMPIONSHIP**

ജോർദാനിൽ നടക്കുന്ന ഏഷ്യൻ റെസ്ലിങ് ചാമ്പ്യൻഷിപ്പിൽ 87 കിലോഗ്രാം ഗ്രീക്കോ റോമൻ വിഭാഗത്തിൽ ഇന്ത്യയുടെ സുനിൽ കുമാറിന് വെങ്കലം. ചൈനീസ് താരത്തെയാണ് സുനിൽ പരാജയപ്പെടുത്തിയത്.

==================================================

**BAALPAN KAVITA INITIATIVE**

ഇന്ത്യൻ കവിതകൾ വീണ്ടെടുക്കുക ലക്ഷ്യമിട്ട് കൊച്ചുകുട്ടികൾക്കായി കവിത മത്സരം സംഘടിപ്പിക്കുന്നു. വിദ്യാഭ്യാസ മന്ത്രാലയം സംഘടിപ്പിക്കുന്ന മത്സരത്തിൽ 3-നും 8-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പങ്കെടുക്കാം. എല്ലാ പ്രാദേശിക ഭാഷകളിലും ഇംഗ്ലീഷിലുമുള്ള എൻട്രികൾ ഏപ്രിൽ 22 വരെ MyGov വെബ് സൈറ്റിലൂടെ അയയ്ക്കാവുന്നതാണ്.

==================================================

**RAJIV GAUBA**

നിതി ആയോഗിന്റെ മുഴുവൻ സമയ അംഗമായി മുൻ ക്യാബിനറ്റ് സെക്രട്ടറി രാജീവ് ഗൗബയെ തിരഞ്ഞെടുത്തു. 1982 ബാച്ച് ഝാർഖണ്ഡ് കേഡർ ഐ.എ.എസ് ഉദ്യോഗസ്ഥനാണ് അദ്ദേഹം.

==================================================

## TELANGANA-TUNNEL

തെലങ്കാനയിൽ തുരങ്കത്തിൽ കുടുങ്ങിയ ഒരാളുടെ കൂടി മൃതദേഹം കണ്ടെത്തി. ഇതുവരെ കണ്ടെടുത്ത മൃതദേഹങ്ങളുടെ എണ്ണം രണ്ടായി. കഴിഞ്ഞ മാസം 22-നാണ് എട്ട് പേർ തുരങ്കത്തിൽ കുടുങ്ങിയത്. ഇവർക്കായുള്ള തിരച്ചിൽ ഒരുമാസത്തിലേറെയായി തുടരുകയാണ്.

==========================================

## RAIN KERALA

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും നാളെയും കനത്ത മഴയ്ക്ക് സാധ്യത. ശക്തമായ മിന്നലിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.
മഴ സാധ്യതയ്ക്കൊപ്പം കേരളത്തിൽ ഉയർന്ന താപനിലയും തുടരുകയാണ്.

==========================================

## ENTE KERALAM

സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷം 'എന്റെ കേരളം' എന്ന പേരിൽ ഏപ്രിൽ 21 മുതൽ മെയ് 30 വരെ സംഘടിപ്പിക്കും. ഏപ്രിൽ 21-ന് കാസർകോടാണ് സംസ്ഥാനതല ഉദ്ഘാടനം. എല്ലാ ജില്ലകളിലും മുഖ്യമന്ത്രി പങ്കെടുക്കുന്ന യോഗങ്ങൾ ചേരും.

==========================================

## OPERATION D HUNT

ലഹരി കടത്തും ഉപയോഗവും തടയുന്നതിനുള്ള കേരള പൊലീസിൻറെ ഓപ്പറേഷൻ ഡി ഹണ്ട് പരിശോധനയിൽ 167 പേർ അറസ്റ്റിൽ. 162 കേസുകൾ രജിസ്റ്റർ ചെയ്തു.
2,597 പേരെയാണ് പരിശോധിച്ചത്. മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ സ്വീകരിക്കാനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആൻറി നർക്കോട്ടിക്ക് കൺട്രോൾ റൂം നിലവിലുണ്ട്.

==============

==========================================